3. ശുചീകരണവും അതിനുള്ള സ്ഥലവും ഉണ്ടായിരിക്കണം.

4. കെട്ടിടം ആരോഗ്യപരമായ സ്ഥലത്ത് ആയിരിക്കണം.

5. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക താമസസൗകര്യം ശരിപ്പെടുത്തിയിരിക്കണം.

6. സ്ഥാപനത്തിന്റെ ഭരണ നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട ഒരു മാനേജിംഗ് കമ്മിറ്റി ഉണ്ടായിരിക്കണം.

7. സ്ഥാപനത്തിന് ഒരു അംഗീകൃത ഭരണഘടന ഉണ്ടായിരിക്കണം.

8. കത്തിടപാടുകൾ നടത്തുന്നതിന് ഒരു കറസ്പോണ്ടന്റ് ഉണ്ടായിരിക്കണം.

9. സ്ത്രീകൾക്കുള്ള സംരക്ഷണകേന്ദ്രത്തിന്റെ ചുമതല സ്ത്രീകൾക്കു തന്നെയായിരിക്കണം.

10. അന്തേവാസികളായ കുട്ടികളെയോ, സ്ത്രീകളെയോ, രക്ഷകർത്താക്കളെയോ, അംഗീകൃത സ്ഥാപനങ്ങളെയോ ഏൽപ്പിക്കുകയല്ലാതെ പുറത്താക്കാൻ പാടുള്ളതല്ല.

11. അംഗീകാരം ലഭിച്ച സ്ഥാപനത്തിന്റെ നിലവിലുള്ള പേരോ, ആസ്ഥാനമോ, സ്വഭാവമോ മാറ്റണമെങ്കിൽ ബോർഡിന്റെ അനുമതി വാങ്ങിയിരിക്കണം.

12. 7 വർഷത്തേക്കാണ് അംഗീകാരം നൽകുന്നത്. 7 വർഷം കഴിഞ്ഞാൽ അംഗീകാരം പുതുക്കികിട്ടുന്നതിന് സ്ഥാപനം അപേക്ഷ സമർപ്പിക്കണം.

വ്യവസായ വികസനമേഖലകൾ

*7 [483] *ശ്രീ. എം. കുമാരൻ:*

„ *കെ. പി. രാജേന്ദ്രൻ:*

„ *മാങ്കോട് രാധാകൃഷ്ണൻ:*

„ *പി. നാരായണൻ:*

„ *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനമേഖലകൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മേഖലകൾ; എവിടെയെല്ലാം;

(ബി) ഈ മേഖലകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ വ്യവസായമേഖലകളിൽ നിന്നും പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*:

(എ) വ്യവസായ വികസനമേഖലകൾ പ്രത്യേകം സ്ഥാപിച്ചിട്ടില്ല. എന്നാൽ വ്യവസായ വികസനത്തിനായി ഇൻഡസ്ട്രീസ് വകുപ്പ്, കിൻഫ്ര, കെ.എസ്.ഐ.ഡി.സി., സിഡ്കോ എന്നീ ഏജൻസികൾ വികസന ഏരിയ, വികസന പ്ലോട്ട്, വ്യവസായ പാർക്ക്, വ്യവസായ വളർച്ചാകേന്ദ്രം, വ്യവസായ എസ്റ്റേറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ബി) വികസിപ്പിച്ച സ്ഥലം, റോഡുകൾ, വെള്ളം, വൈദ്യുതി, വാർത്താ വിനിമയ സൗകര്യം, മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്.

(സി) അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുവഴി കൂടുതൽ നിക്ഷേപങ്ങൾ പ്രതീക്ഷിക്കുന്നു.

മുതിർന്ന പൗരന്മാർക്ക് അനുവദിച്ച ഇളവുകൾ

*8 [484] *ശ്രീ. എം. എം. ഹസ്സൻ:*

„ *ബി. വിജയകുമാർ:*

„ *കെ. മോഹൻകുമാർ:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ സീനിയർ സിറ്റിസൺസിനുവേണ്ടി എന്തെല്ലാം ഇളവുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ ഇളവുകൾ സംസ്ഥാനത്തുള്ളവർക്ക് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു;

(സി) അതിന്റെ ഫലമായി സംസ്ഥാനത്തുള്ള എത്ര സീനിയർ സിറ്റിസൺസിന് പ്രയോജനം ലഭിച്ചു; എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

---

†അനുബന്ധം I. I (എ) & I (ബി)